"ഭരണഭാഷ - മാതൃഭാഷ"

<u>നം. ക്യൂ.ഐ.പി.(1)/9141/2020/ഡി.ജി.ഇ.(1)</u>

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
തിരുവനന്തപുരം, തീയതി : 24/12/**2020.**
**ഇ-മെയിൽ - supdtqip.dge@kerala.gov.in .**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

1. **എല്ലാ പ്രിൻസിപ്പൽമാർക്കും (എച്ച്.എസ്.ഇ./വി.എച്ച്.എസ്.ഇ)**
2. **എല്ലാ ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും**

സർ,

| | | |
|---|---|---|
| വിഷയം | : | പൊതുവിദ്യാഭ്യാസ വകുപ്പ് - 10, 12 ക്ലാസ്സുകളിലെ കുട്ടികൾ 2021 ജനുവരി 01 മുതൽ രക്ഷിതാക്കളുടെ സമ്മതത്തോടെ സ്കൂളിൽ എത്തുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്. |
| സൂചന | : | 17/12/2020 തീയതിയിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാനം. |

**********

10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ സംശയനിവാരണത്തിനും, ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപ്രവർത്തനത്തിനും, മാതൃകാ പരീക്ഷകൾക്കുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ 2021 ജനുവരി ഒന്ന് മുതൽ സ്കൂളുകളിൽ എത്തിച്ചേരാവുന്നതാണെന്ന് സൂചന പ്രകാരം സർക്കാർ അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സ്കൂൾ തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തുടർ നടപടികൾക്കായി ഇതോടൊപ്പം നൽകുന്നു.

വിശ്വസ്തതയോടെ,

**ജീവൻ ബാബു കെ., ഐ.എ.എസ്.,**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

കോപ്പി
1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
2. എസ്.പി.ഡി.എസ്.എസ്.കെ.
3. സി.ഇ.ഒ. കൈറ്റ്
4. ഡയറക്ടർ, എസ്.ഐ.ഇ.ടി.
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
6. എല്ലാ ആർ.ഡി.ഡി. മാർക്കും (എച്ച്.എസ്.ഇ.വിഭാഗം)
7. എല്ലാ എ.ഡി.മാർക്കും (വി.എച്ച്.എസ്.സി. വിഭാഗം)
8. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
9. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും



നം. ക്യു.ഐ.പി. (1)/9141/2020/ഡി.ജി.ഇ. തീയതി 24-12-2020

# മാർഗ്ഗനിർദ്ദേശങ്ങൾ


കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

Break the Chain

കൈവിടാതിരിക്കാം... കൈ കഴുകൂ...

## ഉള്ളടക്കം


1. പൊതുനിർദ്ദേശങ്ങൾ
2. പ്രഥമാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ
3. അക്കാദമിക നിർദ്ദേശങ്ങൾ
4. കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ



# ആമുഖം

10, 12 ക്ലാസ്സുകളിലെ പൊതു പരീക്ഷകൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് 2021 മാർച്ച് 17 മുതൽ 30 വരെ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതു പരീക്ഷകൾക്കുള്ള ക്രമീകരണങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തേണ്ടതുണ്ട്. പൊതു പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ, ഡിജിറ്റൽ ക്ലാസ്സുകളുടെ റിവിഷൻ, കുട്ടികൾക്കുള്ള സംശയ ദൂരീകരണം, മാതൃകാ പരീക്ഷകൾ തുടങ്ങിയവയ്ക്കായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ കുട്ടികൾക്ക് 2021 ജനുവരി 1 മുതൽ സ്കൂളുകളിൽ എത്തിച്ചേരാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം എല്ലാ വിദ്യാർത്ഥികൾക്കും നിലവിലുള്ള ഡിജിറ്റൽ ക്ലാസ്സുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഏതെങ്കിലും കാരണത്താൽ സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് ഗൂഗിൾ മീറ്റ്, ഗൂഗിൾ ക്ലാസ്സ്റൂം, വാട്സ് ആപ്പ് പോലെയുള്ള സാമൂഹ്യമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസ്സുകൾ നൽകാവുന്നതാണ്.



I

# പൊതുനിർദ്ദേശങ്ങൾ

1. ആദ്യഘട്ടത്തിൽ ഒരു സമയം പരമാവധി 50% കുട്ടികളെ മാത്രമേ സ്കൂളുകളിൽ അനുവദിക്കാൻ പാടുള്ളൂ.

2. ആദ്യത്തെ ആഴ്ച ഒരു ബഞ്ചിൽ ഒരു കുട്ടി എന്ന നിലയിൽ ക്ലാസുകൾ ക്രമീകരിക്കേണ്ടതാണ്.


3. 10, +2 തലത്തിൽ പ്രത്യേകം പ്രത്യേകമായി 300 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു സമയം 50% വരെ കുട്ടികൾ ഹാജരാകാവുന്നതാണ്. അതിൽക്കൂടുതലുള്ള സ്കൂളുകളിൽ ഒരുസമയം 25% കുട്ടികൾ ഹാജരാകുന്നതാണ് ഉചിതം.

4. കുട്ടികൾ സ്കൂളിലേക്കു വരുന്ന ആദ്യത്തെ ആഴ്ചയിൽ സ്കൂൾതലത്തിലെ സമയക്രമം താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

   - രാവിലെ 9 അല്ലെങ്കിൽ 10 മണിക്ക് ആരംഭിച്ച് 12 അല്ലെങ്കിൽ 1 മണിക്ക് പൂർത്തിയാകുന്ന ആദ്യ ഘട്ടം (പരമാവധി 3 മണിക്കൂർ). ആവശ്യമെങ്കിൽ 1 മണിക്ക് അല്ലെങ്കിൽ 2 മണിക്ക് തുടങ്ങി 4 അല്ലെങ്കിൽ 5 മണിക്ക് അവസാനിക്കുന്ന രണ്ടാം ഘട്ടം.
   - സ്കൂളിലേക്ക് ആകെയുള്ള കുട്ടികൾ, ലഭ്യമായ ക്ലാസ്മുറികൾ, മറ്റു സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്തുവേണം സ്കൂളിലേക്കു വരുന്ന കുട്ടികളുടെ എണ്ണം നിജപ്പെടുത്തേണ്ടത്.

- കുട്ടികൾ തമ്മിൽ രണ്ട് മീറ്റർ ശാരീരിക അകലം പാലിക്കേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ മറ്റു ക്ലാസ്റൂമുകൾ കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്.
- പല ബാച്ചുകളായി കുട്ടികൾ കടന്നുവരുമ്പോൾ കുട്ടികളുടെ ക്ലാസ് തുടങ്ങുന്ന സമയം ഇടവേള, അവസാനിക്കുന്ന സമയം ഇവയെല്ലാം വ്യത്യസ്ത സമയമായി ക്രമീകരിക്കാവുന്നതാണ്.

5. കോവിഡ് രോഗബാധിതർ (കുട്ടികൾ, അദ്ധ്യാപകർ, സ്കൂൾ ജീവനക്കാർ), രോഗ ലക്ഷണങ്ങൾ ഉള്ളവർ (Symptomatic Persons), ക്വാറന്റൈനിൽ ഉള്ളവർ എന്നിവർ ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾക്കുശേഷം മാത്രമേ സ്കൂളുകളിൽ ഹാജരാകാൻ പാടുള്ളൂ. കോവിഡ് പോസിറ്റീവ് ആയിട്ടുള്ള രോഗികളുടെ വീടുകളിൽ നിന്ന് വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, മറ്റു ജീവനക്കാർ എന്നിവർ സ്കൂളുകളിൽ വരാതിരിക്കുന്നതാണ് അഭികാമ്യം.
6. സ്കൂളുകളിൽ മതിയായ അണുനശീകരണ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണം.
7. സ്കൂൾ പരിസരം, ഫർണീച്ചറുകൾ, സ്റ്റേഷനറി, സ്റ്റോർ റൂം, വാട്ടർ ടാങ്ക്, അടുക്കള, കാന്റീൻ, ശുചിമുറി, ലാബ്, ലൈബ്രറി തുടങ്ങിയ എല്ലാ സ്ഥലങ്ങളും അണുവിമുക്ത മാക്കേണ്ടതാണ്.
8. കോവിഡ് 19-നൊപ്പം ജലജന്യരോഗങ്ങളും കണ്ടുതുടങ്ങിയിട്ടുള്ളതിനാൽ കുടിവെള്ള ടാങ്ക്, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ നിർബന്ധമായും അണുവിമുക്ത മാക്കേണ്ടതാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ഇതിനുള്ള ക്രമീ കരണങ്ങൾ നടത്തേണ്ടതാണ്.
9. സ്കൂളുകളിൽ മാസ്ക്, ഡിജിറ്റിൽ തെർമോമീറ്റർ, സാനിറ്റൈസർ, സോപ്പ് തുടങ്ങിയവ സജ്ജീകരിക്കേണ്ടതാണ്.
10. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം കുട്ടികൾ ക്ലാസ്സുകളിൽ ഇരിക്കേണ്ടത്. സ്റ്റാഫ് റൂമിലും അധ്യാപകർക്ക് നിശ്ചിത അകലം പാലിച്ചു കൊണ്ടുള്ള ഇരിപ്പിടങ്ങൾ ക്രമീകരിക്കേണ്ടതാണ്.
11. പൊതുജന സമ്പർക്കം വരുന്ന സ്ഥലങ്ങൾ, ഓഫീസ് റൂം, തുടങ്ങിയ സ്ഥലങ്ങളിലും മേൽപ്പറഞ്ഞ രീതിയിൽ അകലം പാലിക്കേണ്ടതാണ്.
12. സാമൂഹിക/ശാരീരിക അകലം പാലിക്കുന്നത് കുട്ടികളെ ഓർമ്മിപ്പിച്ചുകൊണ്ട് പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, സൂചനാ ബോർഡുകൾ എന്നിവ ക്ലാസ്സ് റൂമുകൾ, ലൈബ്രറികൾ, കൈകൾ വൃത്തിയാക്കുന്ന ഇടങ്ങൾ, വാഷ്റൂമിന് പുറത്ത്, സ്കൂൾ ബസ് തുടങ്ങിയ ഇടങ്ങളിൽ പതിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
13. കുടിവെള്ളം ലഭ്യമാകുന്ന സ്ഥലം, കൈകൾ കഴുകുന്ന സ്ഥലം, വാഷ്റൂം തുടങ്ങിയ സ്ഥലങ്ങളിലും കൊവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനായി നിശ്ചിത അകലത്തിൽ അടയാളപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
14. കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ ഘട്ടങ്ങളിൽ ആരോഗ്യ പരിശോധനാ സൗകര്യം ഒരുക്കണം.




15. സ്കൂൾ വാഹനത്തിനുള്ളിലും മറ്റു വാഹനങ്ങളിലും എല്ലാവരും സാമൂഹിക അകലം പാലിക്കുക. സ്കൂൾ വാഹനങ്ങളിൽ പ്രവേശിക്കുന്നതിനു മുമ്പ് തെർമൽ സ്ക്രീനിംഗ് നടത്തുക. വാഹനങ്ങൾക്കുള്ളിൽ മാസ്ക് നിർബന്ധമാക്കുക. വാഹനത്തിന്റെ ജനാലകളിൽ കർട്ടനുകൾ ഇടാതിരിക്കുക. എല്ലാ ജനാലകളും തുറന്നിടാൻ ശ്രദ്ധിക്കുക.

## സ്കൂൾ കോവിഡ് സെല്ലിന്റെ രൂപീകരണം

എല്ലാ സ്കൂളുകളിലും കോവിഡ് സെൽ രൂപീകരിക്കേണ്ടതും ആഴ്ചയിൽ ഒരിക്കൽ മീറ്റിംഗ് കൂടി സാഹചര്യം വിലയിരുത്തേണ്ടതുമാണ്. താഴെപ്പറയുന്ന അംഗങ്ങളെ ഈ സെല്ലിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ (ചെയർമാൻ)
2. തദ്ദേശ സ്വയം ഭരണ/കോർപ്പറേഷൻ വാർഡ് മെമ്പർ/കൗൺസിലർ
3. സ്കൂൾ ഡോക്ടർ/നഴ്സ് (ഉണ്ടെങ്കിൽ)
4. JPHN (ഉണ്ടെങ്കിൽ)
5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഒരു ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
6. സ്കൂൾ കൗൺസിലർ (ഉണ്ടെങ്കിൽ)
7. പി.റ്റി.എ. പ്രസിഡന്റ്
8. എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ. എന്നിവിടങ്ങളിൽ

നിന്നും സീനിയറായിട്ടുള്ള ഓരോ അധ്യാപക പ്രതിനിധി.

9. കുട്ടികളുടെ പ്രതിനിധി.

10. ഓഫീസ് സൂപ്രണ്ട്/ഹെഡ്ക്ലാർക്ക്

11. സെക്യൂരിറ്റി ഓഫീസർ

## ചുമതലകൾ

1. കോവിഡ് തടയുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ, പ്രോട്ടോക്കോൾ എന്നിവ പാലിക്കുന്നതിനായി സ്കൂൾതലത്തിൽ ഒരു പ്ലാൻ തയ്യാറാക്കുക. കുട്ടികളുടെയും, സ്കൂളിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് ഓരോ ക്ലാസ്സിലെയും കുട്ടികളുടെ എണ്ണം അധ്യാപകരുടെ ലഭ്യത, സ്ഥല ലഭ്യത, ഡൈനിംഗ് സ്ഥലം, ഗതാഗത സൗകര്യങ്ങൾ, സുരക്ഷാ കാര്യങ്ങൾ എന്നിവ വിലയിരുത്തണം.

2. രോഗലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനായി ഒരു sick room തയ്യാറാക്കണം. റൂമിന് ആവശ്യമുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കണം പ്രാഥമിക സുരക്ഷാക്കിറ്റ് ലഭ്യമാക്കണം.

3. മാസ്ക് ധരിക്കുക, ശാരിരീക അകലം പാലിക്കുക, കൈകൾ ശുചിയാക്കി സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, കോവിഡ് മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും നടപ്പിലാക്കുകയും ചെയ്യണം.

4. കുട്ടികൾക്കും മറ്റ് സ്കൂൾ ജീവനക്കാർക്കും പനി, ചുമ തുടങ്ങിയ രോഗലക്ഷണങ്ങൾ എന്തെങ്കിലും ഉണ്ടോയെന്ന് പരിശോധിക്കണം.

5. പ്രാദേശിക തലത്തിൽ ആരോഗ്യ പ്രവർത്തകരുമായി പ്രഥമാധ്യാപകൻ/ പ്രിൻസിപ്പൽ നിരന്തര ബന്ധം പുലർത്തുകയും ദിവസേനയുള്ള റിപ്പോർട്ട് നൽകുകയും ചെയ്യണം (ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). (Annexure 1) ഈ റിപ്പോർട്ടിന്റെ പകർപ്പ് ഹൈസ്കൂൾ തലത്തിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ഹയർ സെക്കന്ററി തലത്തിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇ-മെയിൽ ചെയ്യേണ്ടതാണ്.

6. രോഗലക്ഷണങ്ങൾ ഉണ്ടാകുന്ന കുട്ടിയുടെ/ജീവനക്കാരുടെ വിവരങ്ങൾ (പേര്, രക്ഷകർത്താവിന്റെ പേര്, ആൺ/പെൺ, അഡ്രസ്സ്, ഫോൺ നമ്പർ) തുടങ്ങിയ വിവരങ്ങൾ ദിവസേന മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണം.

7. ആവശ്യത്തിനുള്ള വെള്ളം, സോപ്പ്, സാനിറ്റൈസർ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. നല്ല വായുസഞ്ചാരമുള്ള മുറികളായിരിക്കണം ക്ലാസ്സ് മുറികളായി തെരെഞ്ഞെ ടുക്കേണ്ടത്.

9. ഏറ്റവുമധികം കോൺടാക്ട് വരുന്ന വാതിലിന്റെ കൈപ്പിടി, ഡെസ്ക്, ഡസ്റ്റർ തുടങ്ങിയവ 2 മണിക്കൂർ കൂടുമ്പോൾ അണുവിമുക്തമാക്കേണ്ടതാണ്.

10. സ്കൂളുകളിൽ ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

11. കോവിഡ് സെല്ലിന്റെ എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.



II

# പ്രഥമാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

ചുവടെ കൊടുത്ത കാര്യങ്ങൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്തമായിരിക്കും.

1. കുട്ടികൾ, അധ്യാപകർ എന്നിവർ ഏതു രീതിയിൽ സ്കൂളിൽ എത്തണം എന്നത് സംബന്ധിച്ചും പരീക്ഷ സംബന്ധിച്ചുമുള്ള ക്രമീകരണം ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കൂൾതല ആസൂത്രണപദ്ധതി പശ്ചാത്തല സൗകര്യം, സമയം, തീയതി എന്നിവ മുൻനിർത്തി തയ്യാറാക്കുക.
2. സ്റ്റാഫ് കൗൺസിൽ, എസ്.ആർ.ജി. എന്നിവയിൽ ചർച്ച ചെയ്ത ശേഷം പ്രസ്തുത പദ്ധതി പി.റ്റി.എ. യിൽ ചർച്ച ചെയ്ത് തീരുമാനമെടുത്ത് എല്ലാ രക്ഷിതാക്കളെയും സി.പി.റ്റി.എ. വിളിച്ച് ചേർത്ത് അറിയിക്കുക. പി.റ്റി.എ., സി.പി.റ്റി.എ. എന്നിവ ഓൺലൈനായി ചേരുന്നതാണ് ഉചിതം.
3. വിവിധ വകുപ്പുകളിലെ പ്രതിനിധികൾ, പ്രാദേശിക ജനപ്രതിനിധികൾ, പി.റ്റി.എ./എസ്.എം.സി. പ്രതിനിധികൾ, ബി.ആർ.സി. പ്രതിനിധികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഡിസംബർ 31-നകം ഒരു മീറ്റിംഗ് സംഘടിപ്പിക്കേണ്ടതാണ്.

4. ആരോഗ്യ വകുപ്പ്, പോലീസ്, ഫയർ ആന്റ് റസ്ക്യൂ, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ ക്ഷേമവകുപ്പ് എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തുക.

5. കോവിഡ് രോഗബാധിതർ, ക്വാറന്റൈനിൽ കഴിയുന്ന അധ്യാപകർ എന്നിവർ പ്രസ്തുത വിവരം പ്രഥമാധ്യാപകരെ രേഖാമൂലം അറിയിക്കേണ്ടതും അതനുസരിച്ചുള്ള ക്രമീകരണങ്ങൾ പ്രഥമാധ്യാപകർ സ്കൂളുകളിൽ വരുത്തേണ്ടതുമാണ്.

6. അധ്യാപക ഒഴിവുകൾ (സ്പെഷ്യൽ സ്കൂൾ ഉൾപ്പെടെ) പരമാവധി സ്കൂൾതലത്തിലും അതിന് കഴിയാത്തത് വിദ്യാഭ്യാസ ഓഫീസർമാർ, എസ്.എസ്.കെ. എന്നിവരുമായി ബന്ധപ്പെട്ട് പരിഹരിക്കുക.

7. വിദ്യാർത്ഥികളുടെ പഠന പ്രയാസങ്ങളും ഇതര ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനു കൗൺസിലിംഗ് ആവശ്യമെങ്കിൽ നൽകുക. ഇതിന് സമഗ്രശിക്ഷാ കേരളയുടെ കൗൺസിലർമാർ, സ്കൂൾ കൗൺസിലർമാർ, സൗഹൃദ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സേവനം തേടാവുന്നതാണ്. കൗൺസിലിംഗ് സംബന്ധിച്ച പൊതു നിർദ്ദേശം പിന്നീട് നൽകുന്നതാണ്.

8. ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. അധ്യാപകരുടെയും റിസോഴ്സ് അധ്യാപകരുടെയും സഹായത്തോടെ അവർക്കു വേണ്ട പിന്തുണാ സംവിധാനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾക്ക് അക്കാദമിക പ്രവർത്തനങ്ങൾ സംബന്ധിച്ച് മതിയായ വിവരം നൽകേണ്ടതാണ്.

9. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും സുരക്ഷിതമായി പരീക്ഷയെ അഭിമുഖീകരിക്കുന്നതിനുള്ള സാഹചര്യമാണ് സ്കൂളിൽ ഒരുക്കേണ്ടത്. ഇത് ഓരോ കുട്ടിക്കും ഉറപ്പ് വരുത്തുന്നതിന് ശാസ്ത്രീയമായ പദ്ധതി തയ്യാറാക്കുക.

10. 2021 ജനുവരി 1 മുതൽ പൊതുപരീക്ഷ അവസാനിക്കുന്നത് വരെയുള്ള ദിവസങ്ങൾ മുൻനിർത്തി വ്യക്തവും ശാസ്ത്രീയവുമായ പദ്ധതി തയ്യാറാക്കി അധ്യാപകരെയും മറ്റു സ്കൂൾ ഘടകങ്ങളെയും ഏകോപിപ്പിക്കുകയും സ്വീകരിക്കുന്ന നടപടികൾ മേൽ ഓഫീസുകളിലേക്ക് അറിയിക്കുകയും ചെയ്യുക.

11. കുട്ടികളുടെ തിരക്ക് ഒഴിവാക്കുന്നതിനായി സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. ആയത് ഓരോ സ്കൂളിലെയും സാഹചര്യം കണക്കിലെടുത്ത് സ്കൂൾ തലത്തിൽ തീരുമാനമെടുക്കുന്നതിന് നേതൃത്വം നൽകുക. ഓരോ ഷിഫ്റ്റിലും എത്തിച്ചേരുന്ന കുട്ടികൾ, എത്തിച്ചേരേണ്ട അധ്യാപകർ, റിവിഷൻ നടത്താനുദ്ദേശിക്കുന്ന വിഷയങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തത സ്കൂൾതലത്തിൽ ഉണ്ടാക്കേണ്ടതാണ്.

12. രക്ഷകർത്താക്കളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കാൻ പാടുള്ളു. ഇക്കാര്യം മുൻകൂട്ടി രക്ഷകർത്താക്കളെ അറിയിക്കുക.



III

# അക്കാദമിക നിർദ്ദേശങ്ങൾ

1. പഠന പിന്തുണ കൂടുതൽ ശക്തമാക്കുക, റിവിഷൻ ക്ലാസ്സുകൾക്കുവേണ്ടി തയ്യാറെടുപ്പുകൾ നടത്തുക, കുട്ടികളുടെ പഠനവിടവ് നികത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക എന്നിവയാണ് അധ്യാപകരുടെ പ്രധാന ചുമതലകൾ.

2. 2021 ജനുവരി 15 നകം 10-ാം ക്ലാസ്സിന്റെയും, ജനുവരി 30 നകം 12-ാം ക്ലാസ്സിന്റെയും ഡിജിറ്റൽ ക്ലാസ്സുകളുടെ പൂർത്തീകരണം സാധ്യമാകുന്ന വിധം ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് സ്കൂളിലെത്താൻ സാഹചര്യം ഉണ്ടാകുമ്പോൾ പ്രാക്ടിക്കൽ ക്ലാസ്സുകളും, ഡിജിറ്റൽ പഠനത്തെ ആസ്പദമാക്കി റിവിഷൻ ക്ലാസ്സുകളും നടത്തേണ്ടതാണ്.

3. ഡിജിറ്റൽ ക്ലാസ്സുകളുടെ പഠനപിന്തുണാ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുപരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കാൻ വേണ്ട ക്രമീകരണങ്ങൾ അധ്യാപകർ ചെയ്യേണ്ടതാണ്.

4. കുട്ടികളെ കൃത്യമായി മനസ്സിലാക്കി അവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമെങ്കിൽ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഗൃഹ സന്ദർശനം നടത്താവുന്നതാണ്.

5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ വീട്ടിൽ ചെന്ന് പഠനപിന്തുണ

നൽകുന്നതിന് റിസോഴ്സ് അധ്യാപകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി ഒരു പദ്ധതി രൂപീകരിക്കേണ്ടതാണ്.

6. സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള വിവിധ തന്ത്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. (ഗൂഗിൾ മീറ്റ്, പഠന വീട്, ഗൃഹസന്ദർശനം, പ്രാദേശിക പി.ടി.എ. തുടങ്ങിയവ). ഇതിനായി വിവിധ ഏജൻസികളായ എസ്.എസ്.കെ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി -പട്ടികവർഗ്ഗ ക്ഷേമവകുപ്പ് തുടങ്ങിയവരുടെ സഹായം തേടാവുന്നതാണ്.

7. സ്റ്റാഫ് കൗൺസിൽ, എസ്.ആർ.ജി., സബ്ജക്ട് കൗൺസിൽ എന്നിവയെല്ലാം തന്നെ കൃത്യമായ ലക്ഷ്യബോധത്തോടെ അജണ്ടകൾ വച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. സബ്ജക്റ്റ് കൗൺസിലുകൾക്കുള്ള കൃത്യമായ മാർഗരേഖ എസ്.ആർ.ജി. തയാറാക്കേണ്ടതാണ്. ജനുവരി മാസം മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ ലഭ്യമാകുന്ന പ്രവൃത്തിദിവസങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഒരു സമയക്രമം (ടൈംടേബിൾ) എസ്.ആർ.ജി.യിൽ രൂപപ്പെടുത്തണം.

## എസ്.ആർ.ജി. യോഗം

വീഡിയോ ക്ലാസുകൾ, ഇതിന്റെ തുടർച്ചയായി നടന്ന അക്കാദമിക പിന്തുണ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്ത് തുടർന്ന് നടക്കേണ്ട അക്കാദമിക പ്രവർത്തനങ്ങളുടെ ആസൂത്രണമാണ് എസ്.ആർ.ജി യിൽ നടക്കേണ്ടത്.

കുട്ടികൾക്ക് ക്ലാസുകൾ എത്രമാത്രം പ്രയോജനപ്പെട്ടു, എന്തെല്ലാം പ്രയാസങ്ങളാണ് അവർ അഭിമുഖീകരിച്ചത്, പ്രയാസങ്ങൾ പരിഹരിക്കാൻ സ്കൂളിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാം, ഇനിയും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത് എന്ന ക്രമത്തിൽ വിശദമായി തന്നെ പ്രവർത്തനങ്ങളെ എസ്.ആർ.ജി യിൽ വിലയിരുത്തേണ്ടതുണ്ട്.

## വിഷയസമിതി യോഗം (സബ്ജക്റ്റ് കൗൺസിൽ)

എസ്.ആർ.ജി യുടെ തുടർച്ചയായി നടക്കുന്ന വിഷയസമിതി യോഗത്തിൽ ആവശ്യമായ മാർഗരേഖ ചർച്ച ചെയ്ത് തയാറാക്കേണ്ടതാണ്. ഓരോ വിഷയത്തിലും നടക്കേണ്ട പഠനപ്രവർത്തനങ്ങളുടെ കൃത്യമായ യൂണിറ്റ് പ്ലാനും ദൈനംദിന ആസൂത്രണ രേഖയും വിഷയസംബന്ധമായ മറ്റ് പ്രവർത്തന വിശദാംശങ്ങളും രൂപപ്പെടുത്തേണ്ടതാണ്.

താഴെപ്പറയുന്ന സൂചകങ്ങൾക്കനുസരിച്ച് വിഷയസമിതി ചർച്ചകൾ ക്രോഡീകരിക്കണം.

1. ഈ അക്കാദമിക വർഷം ലഭിക്കാവുന്ന പ്രവൃത്തി ദിവസങ്ങളെക്കുറിച്ചുള്ള കൃത്യമായ ആസൂത്രണം.

2. റിവിഷൻ നടത്തുമ്പോൾ പ്രാധാന്യം നൽകേണ്ട ഭാഗങ്ങൾ ഏതെന്ന് സംസ്ഥാന തലത്തിൽ നിർദ്ദേശിക്കും. പ്രസ്തുത നിർദ്ദേശത്തിനനുസൃതമായി റിവിഷൻ സംബന്ധിച്ച വിശദമായ ആസൂത്രണം നടത്തൽ.

3. വിലയിരുത്തൽ സൂചകങ്ങളിൽ കുട്ടികളുടെ സജീവമായ പഠനപങ്കാളിത്തം, കുട്ടികൾ തയാറാക്കുന്ന പഠന ഉല്പന്നങ്ങളുടെ നിലവാരം, പഠനാശയങ്ങൾ കുട്ടികൾ എത്ര മാത്രം സ്വാംശീകരിച്ചു എന്ന് തിരിച്ചറിയാനുള്ള യൂണിറ്റ് അസസ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

4. പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളിൽ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നതിനാവശ്യമായ പദ്ധതി രൂപീകരിക്കണം.

5. തുടർമൂല്യനിർണയം എങ്ങനെയാകാം എന്ന് വിശദമാക്കുന്ന നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.



IV

# കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ

1. മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം, സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകൽ, ശാരീരിക അകലം പാലിക്കൽ എന്നിവ നിരന്തര ശ്രദ്ധയിൽ ഉണ്ടാവണം.
2. പരീക്ഷയെ ഭയപ്പെടേണ്ടതില്ല. സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും പരീക്ഷയെ അഭിമുഖീകരിക്കുന്നതിനുള്ള സാഹചര്യമാണ് സ്കൂളിൽ ഒരുക്കുന്നത്.
3. വീട്ടിൽ നിന്ന് സ്കൂളിലേക്കും തിരിച്ചും അസുഖം ബാധിക്കുവാനുള്ള നിരവധി സാഹചര്യങ്ങൾ ഉണ്ടാവാം. ആയതിനാൽ രക്ഷിതാക്കളുടെയും അധ്യാപകരുടെയും ആരോഗ്യ പ്രവർത്തകരുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
4. ഭക്ഷണം, കുടിവെള്ളം എന്നിവയും ക്ലാസിൽ ഉപയോഗിക്കുന്ന വസ്തുക്കളും മറ്റുള്ളവരുമായി പങ്കുവെയ്ക്കാതിരിക്കണം.
5. സ്കൂളിൽ വരേണ്ട ദിവസം, സമയം എന്നിവ പ്രധാന അധ്യാപകൻ/ക്ലാസ്സ് ടീച്ചർ നിങ്ങളെ അറിയിക്കുന്നതാണ്. അതനുസരിച്ചു മാത്രം സ്കൂളിൽ വരണം.
6. വ്യക്തിശുചിത്വം, പരിസരശുചിത്വം ആരോഗ്യപരമായ ഭക്ഷണം എന്നീ ശീലങ്ങളിൽ വിട്ടുവീഴ്ച അരുത്.




7. രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഭയപ്പെടാതെ രക്ഷിതാക്കളേയോ അധ്യാപകരെയോ ഉടൻ അറിയിക്കണം.

8. ഡിജിറ്റൽ ക്ലാസ്സുകളിൽ നിന്ന് ഇതുവരെ ലഭിച്ച പഠനാനുഭവം മുൻനിർത്തിയുള്ള സംശയ നിവാരണത്തിനും, റിവിഷനും പ്രാക്ടിക്കൽ കാര്യങ്ങൾക്കുമാണ് നിങ്ങൾ സ്കൂളിൽ വരുന്നത്. അതു സംബന്ധിച്ച് നിങ്ങൾക്കുള്ള ഏതു തരം സംശയവും അധ്യാപകരുമായി പങ്കുവയ്ക്കാൻ മടിക്കരുത്.

9. നിങ്ങളെ അലട്ടുന്ന പ്രയാസങ്ങൾ അത് എന്തു തന്നെ ആയാലും അധ്യാപകരോട് തുറന്നു പറയുക.

10. ഒരു കാര്യത്തിലും ഭീതിയുടെ ആവശ്യമില്ല. എന്നാൽ കരുതൽ വേണം.

സുരക്ഷിതമായി ആത്മ വിശ്വാസത്തോടെ, സന്തോഷത്തോടെ പരീക്ഷയെ നേരിടുവാൻ ഒരുങ്ങുന്ന നിങ്ങളെ സഹായിക്കുവാനും ആവശ്യമുള്ള പിന്തുണ നൽകുവാനും ധാരാളം പേർ അരികിലുണ്ടെന്ന വിശ്വാസത്തോടെ മുന്നേറുക.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

Annexure-1

## DAILY SURVEILLANCE REPORTING BY SCHOOL COVID CELLS

Name of school:........................................................................................

Address:................................................ Date of Reporting:.......................

### Part-A Daily statistics

| Sl.no | Item | Number |
|---|---|---|
| 1 | Total number of children permitted to attend the school: | |
| 2 | Total number of students attended school for the reporting day: (daily attendance and all should be screened) | |
| 3 | No. of symptomatic students identified for the reporting day: | |
| 4 | No. of students tested positive for COVID-19 for the reporting day: | |
| 5 | Total number of staffs permitted to attended school: | |
| 6 | No. of staff attendance for the reporting day: | |
| 7 | No. of symptomatic staff identified for the reporting day: | |
| 8 | No. of staff tested positive for the reporting day | |

### Part- B: Details of positive students and staff:

| Sl.no | Name | Age | Gender | Class | Division | Address | Phone |
|---|---|---|---|---|---|---|---|
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |

### Part-C: Details of persons quarantined (direct high risk contact)

| Sl.no | Name | Age | Gender | Class | Division | Address | Phone |
|---|---|---|---|---|---|---|---|
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |

**Are there any clustering of cases (two or more positive cases in same class/room/ staff room/same vehicle) in the last 7 days. Yes/No............................ If yes describe:...........................................................................................................**

**Date.................** **Sign of principal/-.............................**



കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്